

THURSDAY 23-06-2022 വ്യാഴാഴ്ച

# FIB FARM NEWS

## എഫ് ഐ ബി കാർഷിക വാർത്തകൾ

**FARM INFORMATION BUREAU**

**Agriculture Development and Farmer's Welfare Department**

**GOVERNMENT OF KERALA**

**Chief Editor : Sunilkumar R** **Editor : Dr Asha T T**

**Farm Information Bureau, Kowdiar, Thiruvananhapuram -695003**
**Website : fibkerala.gov.in; E-mail: piofibvm@gmail.com, fibnewstvm@gmail.com**
**Telephone : 0471 - 2318186, 2317314**

**GOVERNMENT OF KERALA**
AGRICULTURE DEVELOPMENT AND FARMERS' WELFARE DEPARTMENT

**FARM INFORMATION BUREAU**

Kowdiar, Thiruvananthapuram – 695003
**Website:** fibkerala.gov.in
**E-mail:**piofibtvm@gmail.com
**Telephone:** 0471 – 2318186, 2317314

# എഫ് ഐ ബി കാർഷികവാർത്തകൾ (FIB FARM NEWS)-23/06/2022.

1. **ഞങ്ങളും കൃഷിയിലേക്ക് പദ്ധതി**യുടെ ഭാഗമായി നടത്തുന്ന തദ്ദേശസ്വയംഭരണ സ്ഥാപന അദ്ധ്യക്ഷരുടെ യോഗം ഇന്ന് (ജൂൺ 23) രാവിലെ 10 മണിക്ക് തിരുവനന്തപുരം നാലാഞ്ചിറ ഗിരിദീപം കൺവെൻഷൻ സെന്ററിൽ കൂടുന്ന യോഗത്തിൽ തദ്ദേശസ്വയംഭരണ വകുപ്പ് മന്ത്രി എം.വി. ഗോവിന്ദൻ മാസ്റ്റർ നിർവഹിക്കും. ചടങ്ങിൽ കൃഷിവകുപ്പ് മന്ത്രി പി പ്രസാദ് അധ്യക്ഷത വഹിക്കും.

2. കൃഷി വകുപ്പിന്റെ എയിംസ് പോർട്ടലിൽ പ്രധാനമന്ത്രി സമ്മാൻ നിധി (പി. എം. കിസാൻ ) ഭൂമി വെരിഫിക്കേഷൻ ഇതുവരെ ചെയ്യാത്ത കോഴിക്കോട് ബ്ലോക്ക് പഞ്ചായത്തിന് കീഴിൽ വരുന്ന കർഷകർക്ക് ഭൂമി സംബന്ധമായ വിവരങ്ങൾ പോർട്ടലിൽ ചേർക്കുന്നതിനായി ഇപ്പോൾ അവസരമുണ്ട്. കോഴിക്കോട് ബ്ലോക്കിന് കീഴിൽ വരുന്ന എട്ടു പഞ്ചായത്തുകളിൽ കൃഷിഭവനുകളുടെ സഹകരണത്തോടെ ഈ മാസം 26 (ജൂൺ 26) വരെ ക്യാമ്പുകൾ സംഘടിപ്പിക്കുന്നു. ഇതിനുവേണ്ടി നികുതി ചീട്ട്, ആധാർ കാർഡ്, റേഷൻ കാർഡ്, ബാങ്ക് പാസ് ബുക്ക്, പിഎം കിസാൻ രജിസ്റ്റർ ചെയ്തവർ രജിസ്റ്റർ ചെയ്ത നമ്പർ ഉള്ള ഫോൺ എന്നിവ കരുതേണ്ടതാണ്. രജിസ്ട്രേഷൻ നടത്താത്ത കർഷകർക്ക് തുടർ ആനുകൂല്യം ലഭിക്കുന്നതല്ല.

3. വലിയതുറ തെങ്ങിൻതൈ ഉത്പാദന കേന്ദ്രത്തിൽ ഗുണമേന്മ ഏറിയ WCT, കുള്ളൻ തെങ്ങിൻ തൈകൾ തൈ ഒന്നിന് 100 രൂപ നിരക്കിൽ വിൽപ്പനയ്ക്ക് ലഭ്യമാണ്. കൂടുതൽ വിവരങ്ങൾക്ക് **0471-2508222, 9383470301** എന്നീ ഫോൺ നമ്പരുകളിൽ ബന്ധപ്പെടുക.

4. സംസ്ഥാന മൃഗസംരക്ഷണ വകുപ്പ് ഈ സാമ്പത്തിക വർഷം നടപ്പാക്കിവരുന്ന '**അടിയന്തിര രാത്രികാല വെറ്ററിനറി സേവനം**' എന്ന പദ്ധതിയിൽ തെരഞ്ഞെടുത്തിട്ടുള്ള ആലപ്പുഴ ജില്ലയിലെ ചമ്പക്കുളം, ഹരിപ്പാട് എന്നീ ബ്ലോക്ക് പഞ്ചായത്തുകളിൽ കരാർ അടിസ്ഥാനത്തിൽ, പൂർണ്ണമായും താൽക്കാലികമായി, പരമാവധി 89 ദിവസത്തേയ്ക്ക് രാത്രിസമയങ്ങളിൽ സേവനം നടത്തുവാൻ വെറ്ററിനറി ഡോക്ടർമാരെ നിയമിക്കുന്നു. വെറ്ററിനറി സയൻസിലെ ബിരുദം, കേരള സ്റ്റേറ്റ് വെറ്ററിനറി കൗൺസിൽ രജിസ്ട്രേഷൻ എന്നീ അവശ്യ യോഗ്യതകളോടൊപ്പം ക്ലിനിക്കൽ ഒബ്സ്ട്രട്രിക്സ് ആന്റ് ഗൈനക്കോളജി,

ക്ലിനിക്കൽ മെഡിസിൻ, സർജറി എന്നിവയിൽ ബിരുദാനന്തര ബിരുദം തുടങ്ങിയവ അഭിലഷണീയ യോഗ്യതയായി കണക്കാക്കുന്നതാണ്. താൽപര്യമുള്ള കേരള സ്റ്റേറ്റ് വെറ്ററിനറി കൗൺസിൽ രജിസ്ട്രേഷൻ ഉള്ള വെറ്ററിനറി ബിരുദധാരികൾ ഈ **മാസം 25-ന്** (25-6-2022) രാവിലെ 11 മണിക്ക് ബയോഡാറ്റയും, യോഗ്യത തെളിയിക്കുന്ന അസൽ സർട്ടിഫിക്കറ്റുകളും പകർപ്പുകളും സഹിതം ആലപ്പുഴ ജില്ലാ മൃഗസംരക്ഷണ ഓഫീസിൽ വാക്ക്-ഇൻ-ഇന്റർവ്യൂവിന് ഹാജരാകേണ്ടതാണെന്ന് ആലപ്പുഴ ജില്ലാ മൃഗസംരക്ഷണ ഓഫീസർ അറിയിക്കുന്നു. കൂടുതൽ വിവരങ്ങൾക്ക് **0477-2252431** എന്ന ഫോൺ നമ്പരിൽ ബന്ധപ്പെടുക.

5. കേരള കാർഷിക സർവ്വകലാശാലയുടെ കീഴിലുള്ള തൃശ്ശൂർ കൃഷി വിജ്ഞാന കേന്ദ്രത്തിൽ അത്യുൽപാദനശേഷിയുള്ള 45 ദിവസം പ്രായമുള്ള ബി.വി 380 മുട്ടക്കോഴിക്കുഞ്ഞുങ്ങൾ വില്പനയ്ക്ക് ലഭ്യമാണ്. കുഞ്ഞൊന്നിനു 160 രൂപയാണ് വില. കൂടുതൽ വിവരങ്ങൾക്ക് പ്രവർത്തി ദിവസങ്ങളിൽ രാവിലെ 10 മുതൽ 5 വരെ **9400483754** എന്ന ഫോൺ നമ്പരിൽ ബന്ധപ്പെടുക.

6. സംസ്ഥാന പൗൾട്രി വികസന കോർപ്പറേഷന്റെ കീഴിലുള്ള കുടപ്പനക്കുന്ന് ബ്രോയിലർ ബ്രീഡർ ഫാമിലെ മുട്ടയുത്പാദനം കഴിഞ്ഞതും ഏകദേശം 4.5 കിലോ ഭാരമുള്ളതുമായ മാതൃപിതൃ ശേഖരത്തിൽപ്പെട്ട കോഴികൾ സ്റ്റോക്ക് തീരുന്നതുവരെ ദിവസവും രാവിലെ 9 മണി മുതൽ 4 മണി വരെ വിൽപ്പനയ്ക്ക് ലഭ്യമാണെന്ന് മാനേജിംഗ് ഡയറക്ടർ അറിയിക്കുന്നു. കൂടുതൽ വിവരങ്ങൾക്ക് **0471-2478585, 9495000914** എന്നീ ഫോൺ നമ്പരുകളിൽ ബന്ധപ്പെടുക.

7. തിരുവനന്തപുരം കുടപ്പനക്കുന്ന് ജില്ലാ കന്നുകാലി വളർത്തൽ കേന്ദ്രത്തിലെ ആവശ്യത്തിന് ഫാം കോമ്പൗണ്ടിനുള്ളിലെ വിവിധ പ്ലോട്ടുകളിൽ നിന്നും, സ്റ്റേറ്റ് ഫോഡർ ഫാം, വലിയതുറയിൽ നിന്നും ശേഖരിക്കുന്ന ഹൈബ്രിഡ് തീറ്റപ്പുല്ല് ഫാമിലെത്തിക്കുന്നതിന് 2 ടൺ വരെ ശേഷിയുള്ള പിക്-അപ്പ് വാഹനം വാടകയ്ക്ക് നൽകാൻ താൽപര്യമുള്ളവരിൽ നിന്നും ക്വട്ടേഷൻ ക്ഷണിക്കുന്നു. ക്വട്ടേഷനുകൾ ലഭിക്കേണ്ട അവസാന തീയതി നാളെ (ജൂൺ 24) ആണ്. കുടപ്പനക്കുന്ന് ജില്ലാ കന്നുകാലിവളർത്തൽ കേന്ദ്രം സൂപ്രണ്ടിന്റെ പേരിൽ നൽകുന്ന ക്വട്ടേഷൻ കവറിനു പുറത്ത് **തീറ്റപ്പുല്ല് ട്രാൻസ്പോർട്ട്**

GOVERNMENT OF KERALA
AGRICULTURE DEVELOPMENT AND FARMERS' WELFARE DEPARTMENT

**FARM INFORMATION BUREAU**

Kowdiar, Thiruvananthapuram – 695003
**Website:** fibkerala.gov.in
**E-mail:** piofibtvm@gmail.com
**Telephone:** 0471 – 2318186, 2317314

**ചെയ്യുന്നതിനുള്ള ക്വട്ടേഷൻ 2022-23** എന്ന് രേഖപ്പെടുത്തേണ്ടതാണ്. കൂടുതൽ വിവരങ്ങൾക്ക് **0471-2732962** എന്ന ഫോൺ നമ്പരിൽ ബന്ധപ്പെടുക.

**പരിശീലന പരിപാടികൾ**

8. ഫാം ഇൻഫർമേഷൻ ബ്യൂറോയുടെ ആഭിമുഖ്യത്തിൽ ഇന്ന് (ജൂൺ 23) രാവിലെ 11 മണിക്ക് **സ്ക്രബ് ടൈഫസ് (Scrub Typhus). ചെള്ളുപനി: ഒരു പൊതുജനാരോഗ്യ അവബോധം** എന്ന വിഷയത്തിൽ എഫ്.ഐ.ബി കേരളയുടെ ഫേയ്സ്ബുക്ക് പേജിലൂടെ തത്സമയപരിശീലനം നടത്തുന്നു. കൂടുതൽ വിവരങ്ങൾക്ക് **9383470289** എന്ന നമ്പരിൽ ബന്ധപ്പെടുക.

9. അഗ്രി ക്ലിനിക്ക് ആന്റ് അഗ്രി ബിസിനസ്സ് സെന്റർ പദ്ധതിയുടെ ഭാഗമായി പട്ടാമ്പി പ്രാദേശിക കാർഷിക ഗവേഷണ കേന്ദ്രത്തിൽ **സംരഭകത്വവും സ്വയംതൊഴിൽ അവസരങ്ങളും** എന്ന വിഷയത്തിൽ 45 ദിവസത്തെ പരിശീലന പരിപാടി നടത്തുന്നു. സംസ്ഥാന കാർഷിക സർവ്വകലാശാലയിൽ നിന്നോ കേന്ദ്ര കാർഷിക സർവ്വകലാശാലയിൽ നിന്നോ ഭാരത സർക്കാരിന്റെ കൃഷി, കർഷക ക്ഷേമ, സഹകരണ മന്ത്രാലയത്തിന്റെ അംഗീകാരമുള്ള സ്ഥാപനങ്ങളിൽ നിന്നോ കൃഷി ശാസ്ത്രത്തിൽ ബിരുദം അല്ലെങ്കിൽ ബിരുദാനന്തര ബിരുദം. പരിസ്ഥിതി ശാസ്ത്രം, ബോട്ടണി, സുവോളജി, കെമിസ്ട്രി എന്നിവയിൽ ഏതെങ്കിലും വിഷയത്തിൽ ഇന്ത്യൻ കാർഷിക ഗവേഷണ കൗൺസിൽ/യൂണിവേഴ്സിറ്റി ഗ്രാന്റ്സ് കമ്മീഷൻ എന്നിവയുടെ അംഗീകാരമുള്ള ബിരുദം. കൃഷി ശാസ്ത്രത്തിലോ അനുബന്ധ വിഷയങ്ങളിലോ ഡിപ്ലോമ അല്ലെങ്കിൽ പിജി ഡിപ്ലോമ. പഠന വിഷയത്തിന്റെ 60% ത്തിലധികം കൃഷി ശാസ്ത്രമായിട്ടുള്ളതും യൂണിവേഴ്സിറ്റി ഗ്രാന്റ്സ് കമ്മീഷൻ അംഗീകരിച്ചിട്ടുള്ളതുമായ ബിരുദം. പ്ലസ് ടു തലത്തിൽ 55% ത്തിൽ കുറയാത്ത മാർക്കോടെയുള്ള കൃഷി ശാസ്ത്ര കോഴ്സ് എന്നീ യോഗ്യതയുള്ളവർക്ക് അപേക്ഷിക്കാം. കോഴ്സ് സംബന്ധിച്ച വിശദ വിവരങ്ങൾക്ക് http://acabcmis.gov.in എന്ന വെബ്സൈറ്റിലോ പട്ടാമ്പി പ്രാദേശിക കാർഷിക ഗവേഷണ കേന്ദ്രം ഓഫീസോ സന്ദർശിക്കുക. അപേക്ഷകൾ ഓൺലൈനായി http://acabcmis.gov.in/ApplicantReg.aspx ൽ സമർപ്പിച്ചതിനുശേഷം **അസോസിയേറ്റ് ഡയറക്ടർ ഓഫ് റിസർച്ച്, പ്രാദേശിക കാർഷിക ഗവേഷണ**

**കേന്ദ്രം, മേലെ പട്ടാമ്പി പി.ഒ., പാലക്കാട് ജില്ല, 679 306** എന്ന വിലാസത്തിൽ അയച്ചുതരേണ്ടതാണ്. കൂടുതൽ വിവരങ്ങൾക്ക് **9446239318** എന്ന ഫോൺ നമ്പരിൽ ബന്ധപ്പെടുക.

10. മലമ്പുഴ സർക്കാർ മൃഗസംരക്ഷണ പരിശീലനകേന്ദ്രത്തിന്റെ ആഭിമുഖ്യത്തിൽ ഇന്ന് (23.06.2022) രാവിലെ 10 മണി മുതൽ 4 മണി വരെ **ഇറച്ചിക്കോഴി വളർത്തൽ** എന്ന വിഷയത്തിൽ പരിശീലനം ഉണ്ടായിരിക്കുന്നതാണ്. പങ്കെടുക്കുവാൻ ആഗ്രഹിക്കുന്നവർ **0491– 2815454** വിളിച്ചോ **9188522713** എന്ന വാട്ട്സാപ്പ് നമ്പറിലേക്ക് വാട്സാപ്പ് മെസ്സേജ് അയച്ചോ മുൻകൂട്ടി രജിസ്റ്റർ ചെയ്യേണ്ടതാണ്. പരിശീലനത്തിന് പങ്കെടുക്കുന്നവർ ആധാർ കാർഡ് കരുതേണ്ടതാണ് എന്ന് മലമ്പുഴ മൃഗസംരക്ഷണ പരിശീലന കേന്ദ്രം അസിസ്റ്റന്റ് ഡയറക്ടർ അറിയിക്കുന്നു.

11. മണ്ണുത്തി കേരള വെറ്ററിനറി സർവ്വകലാശാലയുടെ കീഴിലുള്ള വർഗ്ഗീസ് കുര്യൻ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഡയറി ആന്റ് ഫുഡ്ടോക്നോളജിയിൽ അവസാന വർഷ ബി.ടെക് (ഡയറി ടെക്നോളജി), ബി.ടെക് (ഫുഡ് ടെക്നോളജി) വിദ്യാർത്ഥികൾ പാഠ്യപദ്ധതിയുടെ ഭാഗമായി നാലുദിവസത്തെ പാൽ-ഭക്ഷ്യോൽപ്പന്ന നിർമ്മാണ പരിശീലനം നൽകുന്നു. വിവിധ മൂല്യ വർദ്ധിത ഉൽപ്പന്നങ്ങളായ പാൽപേഡ, ഗുലാബ് ജാമുൻ, യോഗർട്ട്, പനീർ, പനീർഅച്ചാർ, ശ്രീഖണ്ഡ്, ഐസ്ക്രീം, കുൽഫി, കെച്ചപ്പ്, സ്ക്വാഷ്, ജെല്ലി, ജാം, മഫിൻസ് എന്നിവയുടെ നിർമ്മാണവും അനുബന്ധ നിർമ്മാണ ഉപകരണങ്ങളും വിപണന സാധ്യതകളും ഉൾപ്പെടുത്തിയിട്ടുണ്ട്. പരിശീലന പരിപാടി പൂർത്തിയാക്കുന്നവർക്ക് സർട്ടിഫിക്കറ്റുകൾ വിതരണം ചെയ്യുന്നതാണ്. രജിസ്ട്രേഷൻ ഫീ: 2000/- രൂപയാണ്. രജിസ്ട്രേഷൻ ചെയ്യാനുള്ള അവസാന തീയതി ഈ മാസം 26 (23/06/2022). കൂടുതൽ വിവരങ്ങൾക്ക് **8848656355, 9895958226** എന്നീ ഫോൺ നമ്പരുകളിൽ ബന്ധപ്പെടുക.

12. ഓച്ചിറ ക്ഷീരോത്പന്ന നിർമ്മാണ പരിശീലന വികസന കേന്ദ്രത്തിൽ വച്ച് നാളെ (ജൂൺ 24) രാവിലെ 11 മണി മുതൽ **പാലിൽ നിന്നുളള മൂല്യവർദ്ധിത ഉത്പന്നങ്ങൾ** എന്ന വിഷയത്തിൽ ഗൂഗിൾമീറ്റ് മുഖേന ഓൺലൈൻ പരിശീലനം നടത്തുന്നു. താൽപര്യമുള്ളവർ ഇന്ന് വൈകുന്നേരം 5 മണി വരെ **0476 2698550** എന്ന ഫോൺ നമ്പരിൽ വിളിച്ചോ **8075028868** എന്ന വാട്ട്സാപ്പ് നമ്പരിലേക്ക് പേരും മേൽവിലാസവും അയച്ചു നൽകിയോ പേര് രജിസ്റ്റർ ചെയ്യേണ്ടതാണ്.

13. സ്റ്റേറ്റ് ഫോഡർ ഫാമിന്റെ ആഭിമുഖ്യത്തിൽ ഈ മാസം **24,25** (ജൂൺ 24,25) തീയതികളിൽ **തീറ്റപ്പുൽ വിളകളും കൃഷിരീതികളും** എന്ന വിഷയത്തിൽ പരിശീലനം സംഘടിപ്പിക്കുന്നു. താൽപര്യമുള്ളവർ പേര്, മേൽവിലാസം, ഇ-മെയിൽ ഐഡി എന്നിവ **8078599881, 9400831831** എന്നീ ഫോൺ നമ്പരുകളിൽ വിളിച്ചോ, sfftraining2021@gmail.com എന്ന ഇ-മെയിൽ വിലാസത്തിലേക്ക് മെസേജ് നൽകിയോ പേര് രജിസ്റ്റർ ചെയ്യേണ്ടതാണ്.

ഫാം ഇൻഫർമേഷൻ ബ്യൂറോ, തിരുവനന്തപുരം